283/est-/18

# തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

### ഹാജർ - ശ്രീ. പി. ആർ. സജികുമാർ

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - കണ്ണൂർ നഗരസഭ - സസ്പെൻഷനിലായിരുന്ന ഒന്നാംതരം ഓവർസിയർ ശ്രീ. കെ.കെ രാജൻ - നെ സേവനത്തിൽ തിരികെ പ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1) സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 16.12.2017 - ലെ കത്ത് നം. ഇ7-25228 (ii)/2017
2) ഒന്നാംതരം ഓവർസിയർ ശ്രീ. കെ.കെ രാജൻ - ന്റെ 06.10.2018 - ലെ അപേക്ഷ
3) 15.02.2018 - ലെ ഇതേ നമ്പർ നടപടിക്രമം
4) കണ്ണൂർ നഗരസഭാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 17.03.2018 - ലെ റിപ്പോർട്ട് നം. ഇ7-25228 (ii)/2017
5) 27.03.2018 - ലെ ഇതേ നമ്പർ നടപടിക്രമം
6) ഇതേ നമ്പർ കുറ്റപത്രം, കുറ്റാരോപണ പത്രിക, തീയതി. 26.03.2018

### ഉത്തരവ് നം. ഇ-20/16557/2017/സിഇ/തസ്വഭവ, തീയതി. 15.10.2018

കണ്ണൂർ നഗരസഭയിലെ ഒന്നാം തരം ഓവർസിയർ ശ്രീ. കെ.കെ രാജൻ 04.10.2017 - ന് രാവിലെ നഗരസഭാ കാര്യാലയത്തിൽ വെച്ച് ബന്ധപ്പെട്ട മേലധികാരികളുടെ മുൻകൂർ അനുമതിയില്ലാതെ ഔദ്യോഗിക കാര്യങ്ങൾ പത്ര / ദൃശ്യ മാധ്യമങ്ങളുടെ മുൻപിൽ വെച്ച് സംസാരിക്കുകയും, സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങൾക്ക് വിരുദ്ധമായി നഗരസഭാ ഡെപ്യൂട്ടി മേയറോട് കയർത്ത് സംസാരിക്കുകയും ചെയ്തതിന് 2011 - ലെ കേരള മുനിസിപ്പാലിറ്റി (ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണം) ചട്ടങ്ങളിലെ ചട്ടം 8 (1) പ്രകാരം കണ്ണൂർ നഗരസഭാ മേയർ ഒന്നാംതരം ഓവർസിയർ ശ്രീ. കെ.കെ രാജൻ - നെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതാണ്.

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കണ്ണൂർ നഗരസഭാ സൂപ്രണ്ടിംഗ് എഞ്ചിനീയർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഒന്നാംതരം ഓവർസിയർ ശ്രീ. കെ.കെ രാജൻ - ൽ നിന്നും വികാരപരമായ ചില പെരുമാറ്റങ്ങളുണ്ടായതൊഴിച്ചാൽ മറ്റ് ആരോപണങ്ങൾക്ക് തെളിവുകൾ ലഭ്യമല്ലാത്തതിനാലും, ഔദ്യോഗിക കാര്യങ്ങളിൽ ഇടപെടുമ്പോൾ മിതത്വവും, ജാഗ്രതയും പുലർത്തണമെന്നുമുള്ള താക്കീത് നൽകി ശ്രീ. കെ.കെ രാജൻ - നെ സേവനത്തിൽ തിരികെ പ്രവേശിപ്പിക്കാൻ ശുപാർശ ചെയ്യുന്നു.

(മറുപുറം)

പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ കൈമാറുകയും, ആയതിന് ശ്രീ. കെ.കെ രാജൻ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ ബഹു. ഡെപ്യൂട്ടി മേയറോട് കയർത്തു സംസാരിച്ചുവെന്ന ആരോപണം തീർത്തും അടിസ്ഥാനരഹിതവും, സത്യവിരുദ്ധവും, കെട്ടിചമച്ചതുമാണെന്നും ഇത് സംബന്ധിച്ച പരാതിയോ, സാക്ഷി മൊഴിയോയില്ലായെന്നും, മേലുദ്യോഗസ്ഥരുടെ അനുമതിയില്ലാതെ ഓഫീസ് കാര്യങ്ങൾ പത്രമാധ്യമങ്ങളോട് വിവരിച്ചുവെന്നത് വ്യാജവും, കെട്ടിചമച്ചതും സത്യവിരുദ്ധവുമാണെന്ന് പറഞ്ഞിരിക്കുന്നു.

പരാമർശം (2) പ്രകാരം ശ്രീ. കെ.കെ രാജൻ സമർപ്പിച്ച അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള കണ്ണൂർ നഗരസഭയുടെ 28.09.2018 - ലെ കത്ത് പ്രകാരം ശ്രീ. കെ.കെ രാജൻ - ന്റെ സസ്പെൻഷൻ പിൻവലിച്ച് കണ്ണൂർനഗരസഭ ഒഴികെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയ്ക്ക് മാറ്റി നിയമിക്കുവാൻ ശുപാർശ ചെയ്യുന്നു.

മേൽ സാഹചര്യത്തിൽ സേവനത്തിൽ നിന്നും മാറ്റി നിർത്തപ്പെട്ടിരുന്ന ഒന്നാംതരം ഓവർസിയർ ശ്രീ. കെ.കെ രാജൻ - ന്റെ സസ്പെൻഷൻ പിൻവലിച്ചുകൊണ്ടും, തിരികെ സേവനത്തിൽ പ്രവേശിപ്പിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ശ്രീ. കെ.കെ രാജൻ
ഒന്നാംതരം ഓവർസിയർ

ചീഫ് എഞ്ചിനീയർ

<u>പകർപ്പ് -</u>

1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, കണ്ണൂർ നഗരസഭ
2. ഇ-9 സെക്ഷൻ
3. കരുതൽ ഫയൽ

എസ്.എ